**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1435** **10-10-2024 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ഫർ പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ വകുപ്പിൽ തസ്തികകൾ ഒഴിച്ചിട്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ ട്രാൻസ്ഫർ പട്ടിക പുറത്തിറക്കിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം പട്ടിക പുറത്തിറക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) | അത്തരം ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ട്രാൻസ്ഫർ പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിക്രമം പാലിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | വകുപ്പിലെ പൊതുസ്ഥലംമാറ്റം നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) മുഖേന ഓൺലൈൻ ആയാണ് നടത്തി വരുന്നത്. 2024-25 അധ്യയന വർഷത്തെ അധ്യാപകരുടെയും ജീവനക്കാരുടെയും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഒഴിവുകളുടെ പട്ടിക പ്രസിദ്ധീകരിക്കുകയും, ഓൺലൈൻ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സ്വീകരിക്കുകയും അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അർഹരായവർക്ക് ഡോക്ടർമാർ ഉൾപ്പെട്ട കമ്മിറ്റി റാങ്ക് നിശ്ചയിക്കുകയും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് കരട് റാങ്ക് ലിസ്റ്റുകളും സ്ഥലംമാറ്റ ലിസ്റ്റുകളും പ്രസിദ്ധീകരിക്കുകയും ചെയ്തു. കരട് സ്ഥലംമാറ്റ ലിസ്റ്റുമായി ബന്ധപ്പെട്ട പരാതികൾ ക്രോഡീകരിച്ച് അവ പരിഹരിച്ച് പുതുക്കിയ ലിസ്റ്റ് തയ്യാറാക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന് നൽകിയിട്ടുണ്ട്. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ പുതുക്കിയ റാങ്ക് ലിസ്റ്റും സ്ഥലംമാറ്റ ലിസ്റ്റും ലഭ്യമാക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് ലഭിച്ചാലുടൻ പരാതികൾ പരിഹരിച്ചു എന്നുറപ്പാക്കിയതിനു ശേഷം അന്തിമ പൊതുസ്ഥലംമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) | തസ്തികകൾ ഒഴിച്ചിട്ട് ട്രാൻസ്ഫർ കരട് ലിസ്റ്റ് ഇറക്കിയത് അഴിമതി നടത്താനുള്ള ശ്രമമാണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ | (സി) | നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ തയ്യാറാക്കുന്ന സോഫ്റ്റ് വെയർ മുഖേന നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ഉദ്യോഗസ്ഥർ ഓൺലൈൻ ആയാണ് പൊതു സ്ഥലംമാറ്റ ലിസ്റ്റുകൾ തയ്യാറാക്കി |

| | | | |
|---|---|---|---|
| | എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | നൽകുന്നത്. ആയതിനാൽ ഇത്തരം ആരോപണത്തിൽ കഴമ്പുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ